പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നംപർ. 703

11.12.2012 -ൽ
മറുപടിയ്ക്ക്

## കെൽപ്പാമിന്റെ ഫർണിച്ചർ നിർമ്മാണ യൂണിറ്റ്

ചോദ്യം
ശ്രീ. എ.കെ. ബാലൻ

ഉത്തരം
ശ്രീ.പി.കെ. കുഞ്ഞാലിക്കുട്ടി
( വ്യവസായവും വിവരസാങ്കേതികവും
വകുപ്പ് മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | കെൽപ്പാമിന്റെ പാലക്കാട് ജില്ലയിലെ കാവശ്ശേരി കല്ലേപ്പുള്ളിയിൽ പ്രവർത്തനം നിലച്ച ഫർണിച്ചർ നിർമ്മാണ യൂണിറ്റ് പുനരുദ്ധരിക്കാൻ നടപടി സ്വീകരിക്കുമോ; ആയതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ; | (എ) | കെൽപ്പാമിന്റെ പാലക്കാട് ജില്ലയിലെ ഫർണിച്ചർ നിർമ്മാണ യൂണിറ്റ് പുനരുദ്ധരിച്ച് പ്രവർത്തിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. തുടർ നടപടിയ്ക്കായി പദ്ധതി തയ്യാറാക്കി വരുന്നു. |
| (ബി) | എത്ര തൊഴിലാളികളാണ് ഇവിടെ പണിയെടുത്തിരുന്നത്; എത്ര രൂപയുടെ വാർഷിക വിറ്റുവരവാണ് ഈ സ്ഥാപനത്തിന് ഉണ്ടായിരുന്നത്; | (ബി) | അഞ്ചു പേർ പ്രത്യക്ഷമായും മുപ്പതോളം പേർ പരോക്ഷമായും പണിയെടുത്തിരുന്നു. 2011-12-ലെ വാർഷിക വിറ്റുവരവ് 74.33 ലക്ഷം രൂപയാണ്. |
| (സി) | കെൽപ്പാമിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട കേന്ദ്ര സർക്കാരിന്റെ ഏതെല്ലാം പദ്ധതികൾ നിലവിലുണ്ട്; വിശദമാക്കുമോ; ഈ പദ്ധതികളുടെ നിലവിലെ സ്ഥിതിയെന്താണെന്ന് വ്യക്തമാക്കുമോ ? | (സി) | എൻ.ബി.സി.എഫ്.ഡി.സി. മുഖേന കുറഞ്ഞ വായ്പ നിരക്കിലുള്ള പദ്ധതി നിലവിലുണ്ട്. ഈ പദ്ധതിയ്ക്കായി ഇതുവരെ 90 ലക്ഷം രൂപ അനുവദിച്ച് പദ്ധതി നടപ്പിലാക്കി കഴിഞ്ഞു. 2012-13 വർഷത്തിൽ 50 ലക്ഷം രൂപ അനുവദിച്ചെങ്കിലും തുക ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ